**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5158** **02-11-2021 - ൽ മറുപടിയ്ക്ക്**

**റാങ്കിംഗ് ഫ്രെയിം വർക്ക് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്ക് ചെയ്യുന്നതിനായി റാങ്കിംഗ് ഫ്രെയിംവർക്ക് സംവിധാനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ദേശീയ ഏജൻസികളുടെ റാങ്കിംഗിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വേണ്ടത്ര മികവ് പുലർത്താത്ത സാഹചര്യത്തിൽ പ്രസ്തുത ഉദ്യമം ഫലപ്രദമാകുമെന്ന് വിലയിരുത്തുന്നുണ്ടോ; | (എ) | National Institutional Ranking Framework (NIRF)ന്റെ മാതൃകയിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്ക ചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (Kerala Institutional Ranking Framework)-(KIRF) സംവിധാനം രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2015ൽ ആരംഭിച്ച NIRF റാങ്കിംഗിൽ സംസ്ഥാനത്തെ 4 യൂണിവേഴ്സിറ്റികളും 19 കോളേജുകളും ആദ്യത്തെ 100ൽ സ്ഥാനം പിടിച്ചിട്ടുണ്ട്. സംസ്ഥാനതല റാങ്കിംഗ് ഫ്രെയിംവർക്ക് രൂപീകരണം സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്തെ സ്ഥാപനങ്ങളെ ദേശീയ റാങ്കിംഗിൽ ഉയർന്നുവരാനുള്ള തയ്യാറെടുപ്പുകൾക്ക് ഫലപ്രദമായി ഉപയോഗിക്കാൻ ഇടയാക്കും. ആഗോളതലത്തിൽ അംഗീകരിച്ചിട്ടുള്ള അക്കാദമിക് മാനദണ്ഡങ്ങൾക്കു പുറമേ, സംസ്ഥാനത്തിന്റെ സാംസ്കാരിക - സാമൂഹിക പശ്ചാത്തലം പ്രതിഫലിക്കുന്ന രീതിയിലുള്ള മാനദണ്ഡങ്ങളുടെയും (matrices) അടിസ്ഥാനത്തിലായിരിക്കും KIRF ചിട്ടപ്പെടുത്തുന്നത്. ഇത് സംസ്ഥാനത്തെ യൂണിവേഴ്സിറ്റി/ കോളേജുകൾക്ക് അക്കാദമികവും മറ്റുമായ മികവ് പ്രകടിപ്പിക്കാനുള്ള അവസരം ഒരുക്കും. |
| (ബി) | സംസ്ഥാന ഏജൻസികളുടെ വിലയിരുത്തലിൽ അർഹതയില്ലാത്ത സ്ഥാപനങ്ങൾ ഉൾപ്പെടാനുള്ള സാധ്യത ഒഴിവാക്കുന്നതിന് എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനതലത്തിൽ നടക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (KIRF) വസ്തുനിഷ്ഠവും സുതാര്യവുമായിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് രൂപീകരിക്കാൻ ശ്രമിക്കുന്നത്. ഇത് അർഹതയില്ലാത്ത സ്ഥാപനങ്ങളുടെ കടന്നുവരവിന് സ്വാഭാവിക പ്രതിരോധം തീർക്കും. |

| | | | |
|---|---|---|---|
| (സി) | റാങ്കിംഗ് ഫ്രെയിംവർക്ക് സംവിധാനം സുതാര്യമായി നടപ്പാക്കി മികച്ച അക്കാദമിക നിലവാരമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ തെരഞ്ഞെടുക്കുന്നതിന് കുട്ടികൾക്ക് അവസരം സൃഷ്ടിക്കുമോ; വിശദാംശം നൽകുമോ? | (സി) | റാങ്കിംഗ് ഫ്രെയിംവർക്ക് സംവിധാനം സുതാര്യമായി നടപ്പാക്കി മികച്ച അക്കാദമിക നിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ തെരഞ്ഞെടുക്കുന്നതിന് കുട്ടികൾക്ക് അവസരം ഉണ്ടാകും. റാങ്കിംഗിന്റെ അടിസ്ഥാനത്തിൽ മികവുറ്റ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും അവയുടെ പ്രോഗ്രാമുകളെയും വിദ്യാർത്ഥികൾക്ക് തിരഞ്ഞെടുക്കാനുള്ള സാഹചര്യം സൃഷ്ടിക്കും. |

സെക്ഷൻ ഓഫീസർ